Charity begins at home അയ്യകൊണ്ട് ആദ്യമായിട്ട് ഗവണ്മെണ്ട് വകയായിട്ട് ഉള്ളതെല്ലാം എല്ലാവർക്കും വീതിച്ചുകൊടുക്കട്ടെ. എന്നിട്ടാകാം നാട്ടുകാരുടെ ഈ 60 ശതമാനമൊക്കെ വീതിച്ചുകൊടുക്കുവാൻ. എനിക്ക് ഇതിൽ കൂടുതലായി ഒന്നും പറയുവാനില്ല. തല്ക്കാലം ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

The Hon'ble President occupied the Chair at 3-20 p.m.

Mr. K. P. Rao *(Nominated):* Sir, before I proceed to say the few things that I want to say about the Bill, I shall be failing in my duty if I do not publicly thank the Government of Cochin and the Hon'ble Minister for Food and Education for the honour that they have done me. I consider it a tribute to the great House of Tatas which has played so important a part in the industrialisation not only of this State but of all-India.

As the Hon'ble Members are aware, labour problems have been in the forefront ever since the war was over, and strikes and adjudications have become the order of the day. Therefore any legislative measure which promises even the slightest chance of ensuring industrial peace cannot but be welcome to the industrialists and the public at large.

The Bill before the House, with the exception of clause 5, is, as stated by the Hon'ble Member for Labour, primarily modelled on the corrrsponding British Indian Bill on the same subject. Clauses 3 and 5 of the Bill before the House are the most important clauses. The others mainly procedural indended to implement the provisions of clauses 3 and 5. I propose the deal with only those two clauses at this stage.

Clause 3, if passed into law, will introduce an entirely new state of affairs as far as the fixing of wages is concerned. In an age of increasing Governmental control over private enterprise, there can be no objection in principle to the State fixing minimum wages, provided the machinery for doing it is efficient and the interests of the industrialist and the investor are not unduly sacrificed.

Clause 5 which is the local addition is apparently a misfit and does not in principle form part and parcel of the structure of the Bill. The provisions contained in the clause are of far-reaching importance and should not be implemented without a careful study of all its implications. In practice, the provision will reduce the profits of an industrial concern to 6 per cent return on its capital and 50 per cent of the net profits. The word "Capital" is not defined nor is there any provision for the State even guaranteeing 6 per cent interest to the investing public, by the the grant of a subsidy or otherwise, in those lean years when the concern does not make a profit. The State's obligations are not only to the workmen but also to the investors. When provisions are made for the payment of a minimum bonus to the workmen, justice demands that the State should also undertake the corresponding obligation to guarantee a minimum return to those who have sunk their capital in an industrial undertaking.

There is another aspect of this question. Cochin State industrially has still a long way to go. According to the Manu Subedar Report, the State shall have to depend entirely on private capital and private enterprise for its industrial development. We cannot forget that indigenous capital is shy however much it may be denied and real property is still considered in these parts the best, if not the only form of investment. In these circumstances any, provision of law which will frighten away foreign capital and initiative from the State will spell ruin to its future industrial development. When a similar provision does not obtain in British India, its operation in Cochin will certainly not be an attraction for any industrial concern to start a new factory or to expand its present activities in the State. I am only indicating possible lines of objection which deserve serious consideration. Hasty legislation on so important a point will not even give a chance for repentence at leisure. It is, therefore, essential that this measure should first be considered clause by clause and detail by detail in the quieter atmosphere of a Select Committee. It is only then that it will be possible to analyse the implications, resolve the doubts and evolve an enactment which will not unduly affect the future industrial prosperity of the State.

With these observations I submit that the Bill be referred to Select Committee.

III. ADJOURNMENT MOTION REGARDING POLICE EXCESSES

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* Mr. President, I move under Standing Order 13 that the *business of this House will be adjourned for discussing an urgent matter of Public importance to with to censure the Government of the day for the Police excesses indulged*

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

in at Trichur on the 19th of Makaram 1122. The working very clearly shows what is my indictment of the Government of Cochin of the day. It is nothing other than the excesses wantonly indulged in by the Police of Cochin—the mermidons of the Police of Cochin—on some citizens, most of them youngsters hereafter to bloom into fine substance and that was done, Sir, for no purpose. Hence I say it was wantonly done by the mermidons of the Police, at a time when the Head of the Police Department was close by, when the next in authority was on the spot, when the one below him was also on the scence and the mermidons of the Police did it. Now, Sir, this charge against the Government is a serious one, but an unavoidable one has to be viewed on the background of what preceded this incident. Liberty, Sir, has been defined by an eminent author as an idea of passion and a destiny without which life is sterile and politics is mere ravins. Man is sensitive to system, he values it and therefore, Sir, if any the slightest attempt is made by any high or low authority, with wisdom or without wisdom, wantonly or otherwise, with sufficient cause or otherwise, to take this liberty of the subject of His Highness, he, I maintain, Sir, has got a right, an inborn right, a supreme right, which if he does not asscert, he does not deserve the name of man. No, Sir, on the liberty of that description the 2nd class Magistrate of Chittur for reasons best known to him, not till now disclosed, passes a prohibitory order, apprehending violence, breach of peace, if two gentlemen were to address a meeting as announced by them on the evening of 8th Makaram. An order is passed, I maintain, Sir, that the situation if there was one, if there was going to be one to have been made, by the exhibition of a little of tact which was supremely absent as subsequent events, subsequent orders of Government have unmistakably shown. That was the ban, Sir, what was first broken, that led to the arrest, to the marching of the arrested people along the roads of Cochin to the residence of the District Magistrate. It ends in one of the most severest sentences of 6 months' hard labour for a technical violation of a prohibitory order passed under the circumstances referred to by me. It is there. Persons who think that the man who was in jail, unnecessarily jailed, that it is necessary to register their protest and they did register it as men of the type and the calibre of the persons that did it, ought to do. Otherwise, they are not, men, Sir. They were arrested. I understand, Sir, from the paper reports that are not contradicted, that 3 young persons were arrested for violating an order of prohibition passed by the District Magistrate of Cochin, prohibiting the holding of meetings for a period of 10 days in the Town of Trichur and two miles round about it. That was broken. The three persons were arrested. If my opinion is correct, Sir, without going into the merits of the arrest, whether it was proper or not, or even without going into the merits of the violation of the order of prohibition without doing any one of these things, for they are not relevant, went off peacefully I am glad to note, Sir, that as far as these 3 gentlemen were concerned there was no bodily act perpetrated by the police. All glory to them ! Now, Sir, comes another protest, somewhere near or rather to be more correct this side of half a mile from the Gates of the Viyyur Central Jail, persons went in a procession prohibited it was, and they were asked to disperse. It is not known whether they did any wanton act or of wilful refusal to obey the order. The persons were dragged with both the hands, stomachs striking the metalled road. They were beaten black and blue. Order of lathi charge was given, I understand, Sir, by not any person of Police Department in high authority. It was done under the orders of the Division Inspector who himself for want of tact on his part did understand what a lathi charge was and had to take shelter in the Trichur Hospital for a few days, whether to create evidence or not, I do not know, they were beaten black and blue. The papers of Cochin, all the Dailies of Cochin, and all the Week lies of Cochin all the other newspapers of Cochin have published reports on the events dated 19th of Makaram as describing under these head lines, the mildest is in Deenabhandu "തൃശ്ശൂരിൽ നിരോധനം ക ലുന ലംഘിച്ചതിനു അനുഭവം ലാത്തിചാർജ്ജും". This intensity of the charge is not there. But Sir, in another daily, it is stated "തൃശ്ശിവപേരൂരിലെ അത്യാഹിതസംഭവം നിരോധനം ഉത്തരവും ആജ്ഞാലംഘനവും കഠിനമായ ലാത്തിചാർജ്ജും". This is a paper which is not ordinarily a critic of the Government. I leave it there. Another paper, Sir, and that a daily publishes a similarly worded report of the very lamentable activities of mermidons of the Police and there are more papers which have published reports. The Information Department of the Government of Cochin have not till this moment contradicated the varacity of the statements contained in these papers, some of them mildly describing, some others properly or almost properly describing it, because words cannot be found in the Malayalam language to describe the activities of mermidons of the police upon these persons. The banning of liberty, perpetrated by any Government, as a high authority, the tallest poppey in the Indian politics, our revered Panditji, has stated, writes its own judgment against itself. That is the position a State

LIBRARY ARCHIVES Kerala Legislative Assembly

authority banning liberty finds himself in and it has to be properly described like that. The only offence of these persons of course since my motion is worded with specific reference to the 19th it may not be proper to refer to incidents subsequently following—but I may state in passing that the brutality, hardihood of the Police was continued even on the next day. 5 persons on the 19th and 15 persons subsequently, in all 20 persons of His Highness, loving and loyal subjects were roughly handled by the Police. Sir, we are on the question of liberty, want of liberty. Now, Sir, I ask whether it is not a matter which calls for indictment, chastisement of that attitude by any one who has got the slightest pretentions to represent the public of Cochin. I put that question seriously before the House.

Now, Sir, grant for a momement that the original order of the Second Class Magistrate of Chittur was right and the ban normally should not be violated. But has there not been precedent, Sir, previously where existing bans have been violated and violated not by small people like the ones that were the victims of these brutal lathi charges but by greater foes and the Government of those days shut their eyes deliberately or otherwise; or for whatever reason it be, that created a precedent, pr(cedent created by you, Sir, the Government and these youngsters who are not old as those ones. They have that precedent. If the Government at any time in their wisdom or the want of it did a thing they must be prepared for the repurcussions of that attitude of theirs. Not that I bring forward that as a justifying thing. Precedents bad will have their disastrous effects.

Now, the subject-matter of the indictment as I originally stated is there clearly written in the motion. The basis of that I have placed before the House. The truth of it is there in the papers of Cochin. The untruth of it, if it is untrue, has not been contradicted, and the recent order of Government—I am glad that the Government at least grew wiser after the event—clearly shows that the whole thing from the beginning to the end—not the lathi charge, Sir, all the other things, the whole thing—had been something foolishly conceived, badly executed and I do not want to say the next thing about the sentence. That being so, Sir, I want a confession from the Government of the day—I can expect is because they are honest folk—that they stand condemned that they stand charged and that they plead guilty to the indictment that I place against them on behalf of the people of Cochin. Yes. That is the charge. I expect it from the Government of the day. I have stated deliberately as the Government of the day. I can understand, Sir, a bureaucratic Government making attempts at stifling the liberties of the subject. That is a wrong practice, though objectionable. But a Government, a Cabinet Government, though the immediate subject in hand is not a transferred one, still under the Proclamations that are made I cannot exonerate our leaders, our representatives in the Cabinet from the responsibility for the prohibitory orders and the unhappy consequences that followed. Otherwis, if they want to be exonerated, if they say that they have a right to be exonerated they have to make another confession that what they were proclaiming from house-tops thus far is sometheng which is not true. I believe that between the two the lesser of the evils will be chosen as wiise men, as sound men as practical men, as patriots of the land and plead guilty to the indictment that I have placed against them. Let wisdom dawn on them is my prayer. I have done, Sir.

* മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് വികാരം മാറ്റിവെച്ച് പറയുവാൻ വളരെ വിഷമമാണ്. നമ്മുടെ ഈ രാജ്യത്തു നിയമസമാധാനങ്ങൾ പാലിക്കുവാൻ ഇപ്പോൾ നിയുക്തരായിരിക്കുന്ന ആളുകളുടെ നിയമ സമാധാന പാലനത്തെ സംബന്ധിച്ച് തെറ്റായ ചില ധാരണകൾ അവരുടെ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നു എന്ന് പെരുമാറ്റം കാണുമ്പോൾ തോന്നിപ്പോകുന്നുണ്ട്. മാത്രമല്ല ഇപ്പോൾ നിലനിന്നുപോകുന്ന ഗവൺമെണ്ടിനുതന്നെ ഇതിനെപ്പറ്റി ചില തെറ്റായ ധാരണകൾ കടന്നുകൂടിയിട്ടില്ലെ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നാട്ടിൽ വളർന്നുവരുന്ന സ്വാതന്ത്ര്യമോഹത്തെ പോലീസിന്റെ ലാത്തി കാണിച്ച് അമർത്താമെന്നുള്ള ധാരണ ഇവിടത്തെ ചില കേന്ദ്രങ്ങളിൽ കടന്നുകൂടിയതിന്റെ ഫലമായിട്ടാണൊ കൊള്ളാവുന്നവരെന്നു അവർ തെറ്റായി ധരിച്ചുവച്ചിട്ടുള്ള ആളുകളെ ഇപ്പോൾ ഇവിടത്തെ നിയമസമാധാനങ്ങൾ പാലിക്കുവാൻ വേണ്ടി വെച്ചിട്ടുള്ളതു് എന്നു തോന്നിപ്പോകുന്നു. അതു തെറ്റിധാരണയുടെ ഫലമാണെന്നുള്ളതു് അവർ ഇപ്പോൾ മനസ്സിലാക്കി വരുന്നുണ്ടെന്നും എനിക്കറിയാം. ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽപ്പോലും ഈവക തെറ്റിധാരണകൾക്കിടവരുന്നുണ്ടെന്നറിയുവാനായിട്ട് നമുക്കു എവിടെയും പോകേണ്ടതില്ല. ലാത്തികാണിച്ചൊ മർദ്ദനനയംകൊണ്ടൊ നാട്ടിൽ നിയമസമാ

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ധാനം പാലിക്കുവാൻ ചിലരെ വച്ചിട്ടുള്ളതുപോലെ തോന്നുന്നു. അവക്കു വേറെ ഉയർന്ന ഉദ്യോഗങ്ങൾ കൊടുത്തിട്ടും പിന്നിട്ടും അവരെ അവിടെതന്നെ (ആ പഴയ സ്ഥാനത്തുതന്നെ) വെച്ചുകൊണ്ടിരിക്കണമെന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. ഒരാളെ ഒരുദ്യോഗത്തിലേക്കു കയറ്റി വിടുകയും പിന്നീട് പഴയ ഉദ്യോഗത്തിൽതന്നെ ഇരുന്നുകൊള്ളുവാൻ പറയുകയും ചെയ്യുന്നതു കാണുമ്പോൾ നിയമസമാധാനങ്ങൾ പാലിക്കുവാൻ ആ ആളുതന്നെയാണു് ആവശ്യമെന്നു ഗവർമ്മെണ്ടു് ധരിച്ചിരിക്കുന്നുവെന്നല്ലെ മനസ്സിലാക്കേണ്ടതു്. അങ്ങിനെ വരുമ്പോൾ ആ ആളുടെ തല തിരിഞ്ഞുപോകുന്നതിൽ അത്ഭുതമില്ല. അങ്ങിനെയുള്ളവർ തന്നത്താൻ അവക്കില്ലാത്ത കഴിവുകൾ ഉണ്ടെന്നു തെറ്റിധരിച്ചു് മതിമറന്നുപോകുന്നു. അതിന്റെ ഫലമാണു് തൃശ്ശിവപേരൂരിൽ കണ്ട പേക്രുത്തും ഭയങ്കരതകളുമെല്ലാം. ഇങ്ങിനെ തലമറന്നു പ്രവർത്തിക്കുന്ന ആളുകളെ ആ സ്ഥാനങ്ങളിൽനിന്നു മാറ്റിയാലല്ലാതെ നമ്മുടെ നാട്ടിൽ സമാധാനം ശരിയായി പാലിക്കുവാൻ വാസ്തവത്തിൽ സാധിക്കുകയില്ല. മർദ്ദനായുധങ്ങൾ കാണിച്ചു് നാട്ടിൽ സമാധാനം പാലിക്കുവാനുള്ള കാലം കഴിഞ്ഞുപോയി, ആ പഴഞ്ചൻ കാലത്തിൽനിന്നു ഇന്നു നാം വളരെ അധികം മുന്നോട്ടു പോയിരിക്കുന്നു എന്നു അവരെ മനസ്സിലാക്കേണ്ട ആവശ്യമുണ്ടു്. പ്രമേയകർത്താവു പറഞ്ഞതുപോലെ ശരിയായി ഉത്തരവാദിത്വത്തോടുകൂടി പെരുമാറേണ്ടവർ അധികാരം കയ്യിലുണ്ടെന്നുവെച്ചു് ആ അധികാരം വേണ്ടവിധം പ്രയോഗിക്കാതിരിക്കുന്നതിന്റെ ഫലമാണു് നാം തൃശ്ശിവപേരൂരിൽ കണ്ടതു്. അതുപോലെതന്നെ ചില പോലീസുദ്യോഗസ്ഥന്മാരുടെ തലയിൽ അവർ വളരെക്കാലമായി അമർത്തിവെച്ചുകൊണ്ടിരുന്ന മർദ്ദനനയം പ്രയോഗിക്കുവാൻ തരം കിട്ടിയെന്ന ബോധവും കയറി. തൃശ്ശിവപേരൂരിലെ ലാത്തിച്ചാർജ്ജിനെപ്പറ്റി മാത്രമേ ഇപ്പോൾ നിയമസഭയിൽ ആക്ഷേപം വന്നിട്ടുള്ളൂ. തൊഴിലാളികൾ സമാധാനപരമായി പിക്കറ്റിംഗ് നടത്തിയിട്ടും എട്ടോ പത്തോ ഹെഡ്കാൺസ്റ്റബിൾമാരും പത്തു മുപ്പതു പോലീസുകാരും അക്കരെ ഒരിടത്തുവച്ചു് ഭയങ്കരമായ മർദ്ദനം ആ തൊഴിലാളികളുടെനേരെ അഴിച്ചുവിട്ട. (ഷെയിം) ഈ മാതിരിയുള്ള സമ്പ്രദായം വരുവാൻ കാരണം ഞാൻ ആദ്യം പറഞ്ഞതാണു്. ചില ആളുകൾ ഒഴിച്ചുവിടുവാൻ പാടില്ലാത്തവരാണു്, അവർതന്നെ വേണം നിയമസമാധാനം പാലിക്കുവാൻ എന്നുള്ള ധാരണ തെറ്റായി പുലർത്തിക്കൊണ്ടുപോകുന്നതാണു്. അങ്ങിനെയുള്ളവരെ ആ സ്ഥാനങ്ങളിൽ വെച്ചുകൊണ്ടിരിക്കുന്നതു് ജനങ്ങളോടു മാത്രമല്ല നാടിനോടു മുഴുവൻ ചെയ്യുന്ന മഹത്തായ ഒരപരാധമാണു്. തൃശ്ശിവപേരൂരിൽ ഇങ്ങിനെ നാട്ടിലുള്ളവരെ മുഴുവൻ തല്ലേണ്ട ആവശ്യം ഉണ്ടായിരുന്നുവൊ എന്നു ഞാൻ ചോദിക്കുന്നു. നിയമം ലംഘിച്ച ആളുകളെ അടിക്കാതെ അവരെ അറസ്റ്റുചെയ്തുകൊണ്ടുപോകുന്നതിൽ എന്താണു് തരക്കേടു്? അടികൊണ്ടു പുറകോട്ടു ഓടുന്ന സമ്പ്രദായം ആളുകളിൽനിന്നു ഇന്നു മാറിയിരിക്കുന്നു. ഒരുപക്ഷെ തല്ലുകാലം അടികൊണ്ടു പുറകോട്ടു മാറിയാലും പിന്നീടും ആളുകൾ ഒത്തുചേർന്നു മുന്നോട്ടുവരുമെന്നുള്ളതു് അനുഭവപ്പെട്ടിട്ടുള്ള ഒരു സംഗതിയാണു്. വാസ്തവത്തിൽ അടി നടക്കുന്തോറും കൂടുതൽ കൂടുതൽ ആളുകളാണു് അടികൊള്ളുന്നതിനു മുന്നോട്ടു വരുന്നതു് എന്നു നാം മനസ്സിലാക്കണം. ചിറ്റൂരിലെ മജിസ്ട്രേട്ടു തുടങ്ങിയ അസംബന്ധവും ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റെ മഹാ അസംബന്ധവും ധാർഷ്ട്യവും പോലീസുകാരുടെ മുഷ്ക്കും എല്ലാംകൂടി ചേർന്നപ്പോൾ ആണു് തൃശ്ശിവപേരൂരിൽ ഇത്ര വലിയ അക്രമമുണ്ടായതു്. വാസ്തവത്തിൽ ഇതിന്റെ ആവശ്യമൊന്നുമുണ്ടായിരുന്നില്ല. ജയിലിന്റെ മുമ്പിൽ നിയമം ലംഘിച്ചവരെ അറസ്റ്റു ചെയ്താൽ അവരാരും പോലീസുകാരുടെ കൂടെ പോകുകയില്ല എന്നു പറഞ്ഞതായി കേട്ടില്ല. ഈ ലാത്തിച്ചാർജ്ജിനുമുമ്പും അതിനു ശേഷവുമുള്ള പത്ര റിപ്പോർട്ടുകൾ ശരിയാണെങ്കിൽ, അറസ്റ്റുചെയ്യപ്പെട്ട ആളുകളാരുംതന്നെ അറസ്റ്റിനു വിധേയരാകാതെയൊ പോലീസിന്റെ കൂടെ പോകാതെയൊ ഇരുന്നിട്ടില്ല. അവരാരും ബലം പ്രയോഗിച്ചതായി കേൾക്കുകയൊ നമ്മുടെ ദൃഷ്ടിയിൽ പെടുകയൊ ഉണ്ടായിട്ടില്ല. ആ സ്ഥിതിക്കു് നിയമം ലംഘിച്ചവരെ അറസ്റ്റു ചെയ്താൽ മതിയായിരുന്നില്ലെ? പിന്നെ എന്തിനാണു് ലാത്തിച്ചാർജ്ജുചെയ്തതെന്നു മനസ്സിലാകുന്നില്ല. മണിക്കണ്ണനാൽത്തറക്കൽ മീറ്റിംഗുകൂടി നിയമം ലംഘിച്ചു പ്രസംഗിച്ച അവസരത്തിൽ മർദ്ദനം ഭയന്നു ഓടിപ്പോയവരൊഴികെ ബാക്കിയുണ്ടായിരുന്ന നാലൊ അഞ്ചൊ പേരെ വലിച്ചിട്ടു് അടിച്ചു എന്നു പത്രത്തിൽ റിപ്പോർട്ടു കണ്ടു. നാലൊ അഞ്ചൊ പേർ മാത്രമാണു് ശേഷിച്ചതെങ്കിൽ അവരെ മർദ്ദിക്കാതെ അറസ്റ്റു ചെയ്തു Van-ൽ കയറ്റി ജയിലിൽ കൊണ്ടുപോകാമായിരുന്നില്ലെ? വിയ്യൂരിലെക്കായും തൃശ്ശിവപേരൂരിൽ മിണ്ടാൻ പാടില്ലെന്നു പറയുന്നതിന്റെ അർത്ഥമെന്താണു്? വിയ്യൂർ ചലൊ എന്നു പറഞ്ഞാൽ തൃശ്ശിവ

LIBRARY ARCHIVES Kerala Legislative Assembly

പേരുരിൽ ആളുകൾ കൂടുവാൻ പാടില്ല, പ്രസംഗിക്കുവാൻ പാടില്ല എന്നു പറയുന്നതിന്റെ കാരണമെന്താണു്. ഇതെല്ലാം ഞാൻ ആദ്യം പറഞ്ഞതുപോലെയുള്ള ചില തെറ്റിദ്ധാരണകളുടെ ഫലമായിട്ടുണ്ടായിട്ടുള്ളതാണെന്നു് ഗവണ്മെണ്ടു് മനസ്സിലാക്കണം. മിസ്റ്റർ എഴത്തച്ഛൻ 'ഇന്നത്തെ ഗവണ്മെണ്ടു്' എന്നു വളരെ കായ്മയായി പറഞ്ഞു. മഹാരാജാവു തിരുമനസ്സുകൊണ്ടു ഒരു ഭരണപരിഷ്കാരം പ്രഖ്യാപനം ചെയ്തു. അതിൽ അവിടത്തെ ആത്മാർത്ഥതയെ ആരും ചോദ്യം ചെയ്തുന്നില്ല. തിരുമനസ്സിലെ ആ ഭരണപ്രഖ്യാപനം ഇവിടെ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം നടപ്പാക്കുവാൻ പോകുന്നു എന്നാണു് തെളിയിക്കുന്നതു്. നിയമവും സമാധാനവും മന്ത്രിമാരുടെ കീഴിൽ പെട്ടെത്തിയിട്ടില്ലെങ്കിലും ക്യാബിനറ്റു സമ്പ്രദായം ഇവിടെ നടപ്പാക്കുവാൻ പോകുന്നു എന്നു് ആ പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ടു്. ആ നിലയിൽ ഇതിന്റെ ഉത്തരവാദിത്വം മന്ത്രിമാക്കും കൂടിയുണ്ടു് എന്നുള്ള ഉദ്ദേശത്തോടു കൂടിയാണു് മിസ്റ്റർ എഴത്തച്ഛൻ പ്രസ്താവിച്ചതു് എന്നു എനിക്കറിയാം. ഞാൻ മിസ്റ്റർ എഴത്തച്ഛനോടു പറയുന്നു മിസ്റ്റർ എഴത്തച്ഛൻ മന്ത്രിമാരെ സഹായിക്കണം എന്നു്. ഇന്നു നമ്മുടെയിടയിൽ വലിയൊരു ഉപജാപം നടക്കുന്നുണ്ടു്. അതായതു് മഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനം ശരിയാകരുതു്. അതുവഴി ലഭിക്കാവുന്ന നമ്മുടെ പുരോഗതിയെ തടയണം എന്നുള്ള ഉരു ഉപജാപം ഇവിടെ നടക്കുന്നുണ്ടു്. മന്ത്രിമാരുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയ ക്യാബിനറ്റു സമ്പ്രദായം ഇവിടെ ഉണ്ടെങ്കിലും അതിവിടെ ശരിയായി നടത്തുവാൻ സാധിക്കുന്നില്ല എന്നു വരുത്തിക്കൂട്ടുവാനും ഈ ഭരണപരിഷ്കാരം പൊള്ളയാണെന്നു വരുത്താനും വേണ്ടിയുള്ള ഒരു വലിയ സംരംഭം ഇവിടെ നടക്കുന്നുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Which is that dirty corner?

മിസ്റ്റർ പി. കെ. ഡീവർ: ഉള്ളിലുമുണ്ടു്, പുറത്തുമുണ്ടു്. അതു നാം കേൾക്കുന്നതും കാണുന്നതുമാണു്. അതിന്റെ ഒരു ബീജമാണു് ഇതിന്റെ ഉള്ളിലുമുള്ളതെന്നും അതുകൊണ്ടു് മഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനം ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു നാം സഹായിക്കണമെന്നുമാണു് ഞാൻ പറയുന്നതു്. ഇവിടെ ക്യാബിനറ്റു സമ്പ്രദായം ആരംഭിച്ചു് ക്രമേണ അതു വളർന്നുവരുന്ന ഒരു സമയമാണിതു്. ക്രമേണയുള്ള നടപടികൾകൊണ്ടു് അതു പരിപൂർണ്ണമായി വരാതെ തരമില്ല. അധികാരങ്ങൾ കൂടുതൽ ലഭിക്കുന്നതിനുള്ള പ്രീസിഡൻറ്സും കൺവെൻഷൻസും സൃഷ്ടിക്കുന്ന അവസരത്തിൽ അതു പൊളിക്കുവാൻ ചില ഉപജാപകന്മാർ ഉത്സാഹിക്കുമ്പോൾ നാം അതിനു കൂട്ടുനില്ക്കരുതു്. മഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനം അനുസരിച്ചുള്ള പരിപൂർണ്ണ ഉത്തരവാദിത്വഭരണം മറ്റു വിഷമതകളൊന്നും കൂടാതെ നടപ്പാക്കുവാൻ സാധിക്കാവുന്ന നിലവരുന്ന കാലത്തോളം ആ പ്രഖ്യാപനം ശരിയാക്കുവാൻവേണ്ടി നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ ചില ഉദ്യോഗസ്ഥന്മാർ ഈ ഉപജാപകന്മാക്കു് അനുകൂലമായിട്ടാണു് നില്ക്കുന്നതു്. അതില്ലാത്തപക്ഷം ഈ മാതിരിയുള്ള കുഴപ്പങ്ങൾക്കൊന്നും കാരണമില്ല. ഞാൻ എല്ലാ ഉദ്യോഗസ്ഥന്മാരെപ്പറ്റിയും പറയുന്നില്ല. അവരുടെ പ്രവൃത്തി അവർ അറിഞ്ഞുകൊണ്ടുള്ളതായിരിക്കണമെന്നും ഞാൻ പറയുന്നില്ല. അറിയാതെയും ആയിരിക്കാം. ജനകീയ മന്ത്രിമാർ നോക്കിയിരിക്കുമ്പോൾ ജനങ്ങളുടെ അധികാരങ്ങളെ അനാവശ്യമായി നിയന്ത്രിച്ചുകൊണ്ടു പോലീസുകാർ ജനങ്ങളുടെമേൽ കുതിര കയറുമ്പോൾ മന്ത്രിമാരുടെ കൂട്ടുത്തരവാദഭരണത്തിനു ആക്ഷേപങ്ങൾ വരാതെ നിവൃത്തിയില്ല. ഈ ഭരണപരിഷ്കാരത്തിന്റെ ശരിയായ പ്രവർത്തനത്തിൽ അതു പൊള്ളയാണെന്നു വരുത്തുവാനുള്ള ശ്രമമല്ലെ ചിലർക്കുള്ളതെന്ന കായ്മംകൂടി നാം ആലോചിക്കേണ്ടതാണു്. ഇതിനു പ്രേരിപ്പിച്ചിട്ടുള്ള നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ പലരും അവരുടെ അധികാരസ്ഥാനങ്ങൾക്കു് അവർതന്നെ കുഴിമാന്തുകയാണു് ചെയ്തിട്ടുള്ളതു്. ഒരാൾക്കു ആത്മാർത്ഥത എത്രമാത്രമുണ്ടെങ്കിലും ആരും അയാളുടെ ഹൃദയത്തിൽ കയറി അളന്നു നോക്കുകയില്ല. ബാഹ്യമായ നടപടികൾകൊണ്ടാണു് ആ ആത്മാർത്ഥതയെ അളക്കുന്നതു്. (ഹിയർ, ഹിയർ) നിങ്ങൾ നിങ്ങളുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യുകയാണെങ്കിൽ അതു നിങ്ങൾക്കുതന്നെ ദോഷമാണു്. അതു ഇനിയെങ്കിലും മനസ്സിലാക്കണം. നിങ്ങളതു മനസ്സിലാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ ചത്തുപോയാലും നിങ്ങളാരെങ്കിലും ചത്തുപോയാലും കായ്ങ്ങൾ എല്ലാം ശരിയായി നടക്കും. എവിടെയെങ്കിലും പോയി ആളുകളെ പിടിച്ചു് പിന്നെയും ഇവിടെ തന്നെ വെക്കണമെന്നു പറഞ്ഞിട്ടു് അവരില്ലാതെ കായ്ങ്ങളൊന്നും ശരിയായി നടക്കുകയില്ലെന്നാണു് നിങ്ങൾ വിശ്വസിക്കുന്നതു്. നമ്മുടെ പരിപൂർണ്ണ ഉത്തരവാദഭരണത്തിനുള്ള പരിശ്രമത്തിൽ അതിനെ പൊളിക്കുവാൻ വേണ്ടി, ബന്ധു

LIBRARY ARCHIVES Kerala Legislative Assembly

ക്കളൊ ശത്രുക്കളൊ അതിനെ പൊളിക്കുവാൻ വേണ്ടി തെളിഞ്ഞൊ ഒളിഞ്ഞൊ നിന്നുകൊണ്ട് എന്തെല്ലാം പ്രവത്തിച്ചാലും അതിനെയെല്ലാം നാം എതിക്കുക എന്നാണ് എനിക്കു ഈ നിയമസഭയോട് പറയുവാനുള്ളതു്. അതു നാം മനസ്സിലാക്കാതിരിക്കുന്നിടത്തോളം കാലം നമ്മുടെ ലക്ഷ്യത്തിൽനിന്നും നാം അകന്നു പോകുകയായിരിക്കും ചെയ്യുന്നതു്. പോലീസുകാരുടെ ഭയങ്കരമായ അക്രമങ്ങളെ ഞാൻ ശക്തിയായി എതിക്കുന്നു. ഗവമ്മെണ്ടിന്റെ പിന്നീടുള്ള പ്രവത്തികൊണ്ടു് ഈ അക്രമങ്ങൾക്കു വിധേയമായ മൻക്രമങ്ങൾ അനാവശ്യങ്ങളായിരുന്നു എന്നു തെളിയിക്കുകയാണു് ചെയ്യുന്നതു്. ഇവകെ കൊള്ളരുതായ്മ നടന്നകാലത്തു ദിവാൻജി അവർകൾ ഇവിടെയുണ്ടായിരുന്നില്ല. പക്ഷെ ഉദ്യോഗസ്ഥന്മാർക്കു ഇതിൽ ഒരു ചുമതലയുണ്ടു്. അവർ അതു ശരിക്കു മനസ്സിലാക്കണം. അങ്ങിനെ അവർ തങ്ങളുടെ ചുമതല ശരിക്കു മനസ്സിലാക്കി പ്രവത്തിച്ചാൽ മാത്രമേ കായ്ങ്ങൾ വേണ്ടപോലെ നടക്കയുള്ള. ഇത്രമാത്രമാണു് ഈ സംഗതിയെ സംബന്ധിച്ചു് എനിച്ചു പറയുവാനുള്ളതു്. പോലീസിന്റെ മർദ്ദനനയത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു.

* മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ചിറയ്ക്കലിലും, തൃശ്ശിവപേരൂരും, വിയ്യൂരിലും എല്ലാം നടന്ന സംഭവങ്ങൾ കഴിഞ്ഞ കാലത്തിന്റെ പാരമ്പയ്മനുസരിച്ചു് നമ്മുടെ ഉദ്യോഗസ്ഥന്മാർ കാട്ടിക്കൂട്ടിയ ചില ഏപ്പാടുകളാണെന്നാണു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. ഈ വിധത്തിലുള്ള ബലപ്രയോഗംകൊണ്ടൊ, അക്രമഭീഷണികൊണ്ടൊ ജനങ്ങളെ നിയമവിധേയരാക്കിതീക്കാമെന്നു അധികാരികൾ ആഗ്രഹിച്ചുകൊണ്ടിരുന്നതും അങ്ങിനെ ഒരു നയം അനുവത്തിച്ചുകൊണ്ടിരുന്നതുമായ ഒരു കാലത്തെയാണു് നാം അടുത്തു് മുന്നിട്ട കഴിഞ്ഞതെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു പരമ്പരാഗതമായി വന്നിട്ടുള്ള ഒരു സമ്പ്രദായമാണെന്നു ഞാൻ വീണ്ടും പറയുവാൻ ആഗ്രഹിക്കുന്നു. ഇൻഡ്യയിൽ സ്വാതന്ത്ര്യ സമരം എന്നു ആരംഭിച്ചുവൊ അന്നുമുതൽ ആ സമരത്തിനു പുറപ്പെട്ടന്ന യോദ്ധാക്കന്മാരെ ഭീഷണിപ്പെടുത്തി ആ സമരരംഗത്തിൽനിന്നു അകറ്റുവാനുള്ള പരിശ്രമം ബ്രിട്ടീഷിൻഡ്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങിനെ അനേകമനേകം സമരങ്ങൾ നടന്നതിന്റെ ഫലമായി ബ്രിട്ടീഷിൻഡ്യയിൽ ഇന്നു എന്തെന്നില്ലാത്ത മാറ്റങ്ങൾ വന്നു കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് അധികാരികൾ, ഇൻഡ്യയിലെ ബ്രിട്ടീഷ് ഗവമ്മെണ്ടു വിചാരിച്ചിരുന്നതു്, ആഗ്രഹിച്ചിരുന്നതു്, പ്രതീക്ഷിച്ചിരുന്നതു് ഈ ബലപ്രയോഗവും ഭീഷണിയും കൊണ്ടു ജനങ്ങൾ ഒതുങ്ങുകയും അടങ്ങുകയും ചെയ്യുമെന്നായിരുന്നു. എന്നാൽ യഥാത്ഥത്തിൽ അതിനെതിരായുള്ള അനുഭവമാണു അവിടെ ഓരോ ഘട്ടത്തിലും പ്രത്യക്ഷമായതു്. ആ ഭീഷണി, ആ മർദ്ദനം, ആ അക്രമം എത്രത്തോളം മുകളുന്നുവൊ അതിനു എത്രത്തോളം ശക്തി കൂടുന്നുവൊ അത്രത്തോളം ശക്തി ജനങ്ങളുടെ ഭാഗത്തുള്ള സമരത്തിനും കൂടിക്കൊണ്ടാണു് വന്നിരുന്നതു്. ആ അനുഭവമാണു് ബ്രിട്ടീഷിൻഡ്യയിലെ ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിനു ബ്രിട്ടീഷിൻഡ്യയിൽ ഏതൊരു സമരകാലത്തും അനുഭവപ്പെട്ടിട്ടുള്ള ചരിത്രം അതാണു്. നമ്മുടെ കൊച്ചി മുതലായ നാട്ടുരാജ്യങ്ങളിൽ ഈ സമരവും അതിന്റെ ചരിത്രവും ആധുനികമാണെന്നു പറയാതിരിക്കുവാൻ തരമില്ല. ബ്രിട്ടീഷിൻഡ്യയിലെ ആ സമരം വളരെ അധികം മുന്നോട്ടുപോയതിന്റെ ശേഷം അതിന്റെ പ്രത്യാഘാതം അതായതു് അതിന്റെ ഫലങ്ങൾ അനുഭവിച്ചതിന്റെ ഫലമായിട്ടാണു് നമ്മുടെ നാട്ടിലും ഈ പരിശ്രമത്തിനു പുറപ്പെടുവാൻ തുടങ്ങിയതു്. അങ്ങിനെയുള്ള പരിശ്രമം കൊച്ചിയിൽ എന്നു ആരംഭിച്ചുവൊ അന്നുമുതൽക്കു ബ്രിട്ടീഷ് അധികാരികളെ അനുകരിച്ചും കൊണ്ടു് നമ്മുടെ ഉദ്യോഗസ്ഥന്മാർ ഇവിടെയും ആ വൃത്തിയിൽ ഏപ്പെടുവാൻ തുടങ്ങി. അങ്ങിനെയുള്ള ആ ചരിത്രം നാമൊന്നു അനുസ്മരിക്കുവാൻ മെനക്കെടുകയാണെങ്കിൽ വിയ്യൂരും തൃശ്ശിവപേരൂരും മറ്റും നടന്ന സംഭവങ്ങൾ അതുപോലെയുള്ള സംഭവങ്ങളാണെന്നു നമുക്കോരോരുത്തക്കും അറിയുവാൻ സാധിക്കും. 1 9 2 8-ൽ കൊച്ചിയുടെ നാനാഭാഗങ്ങളിലും മർദ്ദനം എതുതരത്തിലുള്ളതായിരുന്നു എന്നു് നമുക്കെല്ലാവക്കുമറിയാം. ലാത്തിച്ചാർജ്ജും ചൂരൽ പ്രയോഗവും വെടിവെപ്പുമെല്ലാം ആ കാലത്തു് സാവ്വത്രികമായിരുന്നു; ധാരാളമായിരുന്നു. ആ ഒരു പാരമ്പയ്ത്തിൽ പരിശീലിച്ച പോലീസുദ്യോഗസ്ഥന്മാരും പോലീസ് സൈന്യവുമാണു് ഇന്നു ഈ വിധത്തിലുള്ള പെരുമാറ്റത്തിനു ഉത്തരവാദികളായിട്ടുള്ളതെന്നു നമുക്കു കാണുവാൻ സാധിക്കും. അങ്ങിനെയുള്ള ആ പാരമ്പയ്ം ബ്രിട്ടീഷിൻഡ്യയിൽ ഇന്നു മാറിയിരിക്കുന്നു എന്നു നമ്മുടെ പോലീസുദ്യോഗസ്ഥന്മാർ മനസ്സിലാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ബ്രിട്ടീഷിൻഡ്യയിൽ വലിയൊരു സമരം വരുവാൻ പോകുന്നതേയുള്ളുവെന്നാണു് പറയുന്നതു്. ഇന്നത്തെ സമരം യഥാർത്ഥത്തിലുള്ള സമരമല്ല. അതുപോലെ നമ്മുടെ ലക്ഷ്യവും പരിപൂർണ്ണ ഉത്തരവാദിത്വ ഭരണമാണു്. അതു മിക്കവാറും കൈവരാറായി എന്നാണു് നാം ഓരോരുത്തരും ആശിക്കുന്നതു്. ഇന്നു ബ്രിട്ടീഷിൻഡ്യയിൽ പോലീസിനേയും രാജ്യരക്ഷയേയും സംബന്ധിച്ചുള്ള എല്ലാ അധികാരങ്ങളും ജനപ്രതിനിധികളുടെ ഹസ്തങ്ങളിലാണു് ഇരിക്കുന്നതു് എന്നു് നമുക്കറിയാം. കൊച്ചിയിലും ഇന്നത്തെ ക്യാബിനറ്റിനു ശരിയായ അധികാരമുണ്ടെങ്കിൽ ഈ നിയമസമാധാനങ്ങളുടെ പാലനത്തിൽ ശരിയായ ഒരു നയം നടപ്പാക്കുവാൻ സാധിക്കുമെന്നുള്ളതിനു സംശയമില്ല. ബ്രിട്ടീഷു് ഗവൺമെണ്ടിന്റെ പോലീസും പട്ടാളവും അവിടത്തെ ജനപ്രതിനിധികളുടെ വരുതിയനുസരിച്ചു പ്രവർത്തിക്കുവാൻ വഴിയുണ്ടെന്നു ഏതാണ്ടു് വിചാരിക്കാം. അവിടത്തെ അധികാരിവൃന്ദങ്ങളിൽപെട്ട ആളുകൾ തെറ്റു ചെയ്യുന്നില്ല, കൃത്യവിലോപങ്ങൾക്കു് വിധേയരാകുന്നില്ല എന്നല്ല ഞാൻ പറയുന്നതു്. എങ്കിലും അവിടെ സാമാന്യമായ ഒരു മാറ്റം വന്നിട്ടുണ്ടു്. എന്നാൽ നമ്മുടെ രാജ്യത്തു് ചെറിയ ഉദ്യോഗസ്ഥന്മാർ മുതൽ വലിയ ഉദ്യോഗസ്ഥന്മാർവരെയുള്ള ആളുകൾക്കു് ആ മാറ്റം അതിന്റെ ശരിയായ വെളിച്ചത്തിൽ കാണുവാൻ സാധിച്ചിട്ടില്ല എന്നു ഈ സംഭവം തെളിയിക്കുന്നതായി ഞാൻ കരുതുന്നു. എന്താണു് ചിറ്റൂരിലുണ്ടായതു്. അവിടെ ഒരു പൊതുയോഗംകൂടി. അതിൽ ചില ആളുകൾ ഉത്തരവാദിത്വഭരണത്തിനുവേണ്ടിയുള്ള മുദ്രാവാക്യങ്ങൾ പറഞ്ഞു. അതായതു് ജന്മിത്വം നശിപ്പിക്കും, മുതലാളിത്വം നശിപ്പിക്കും എന്നെല്ലാമുള്ള മുദ്രാവാക്യങ്ങളായിരുന്നു അതു്. ചിറ്റൂർ താലൂക്കു് കൊച്ചിരാജ്യത്തിൽ വിശേഷപ്പെട്ട ഒരു പ്രദേശമാണെന്നു എനിക്കറിയാം. സാധാരണ മറ്റു പ്രദേശങ്ങളിൽ കേൾക്കാറുള്ള ആ മുദ്രാവാക്യങ്ങൾ ആ നാട്ടുകാർ കേട്ടിട്ടുണ്ടായിരിക്കുകയില്ല. എറണാകുളത്തും മട്ടാഞ്ചേരിയിലും ചാലക്കുടിയിലും അന്തിക്കാട്ടും ഇരിങ്ങാലക്കുടയിലും തൃശ്ശിവപേരൂരും മറ്റുമുള്ള തെരുവുകളിലും പാതകളിലും സാധാരണയായി ജനങ്ങൾ വിളിച്ചു പറയാറുള്ള ആ മുദ്രാവാക്യങ്ങൾ ചിറ്റൂരിലെ ആളുകൾക്കു് അപരിചിതമായിരിക്കുമെന്നു എനിക്കറിയാം. അവിടെയുള്ള മുതലാളികളും ജന്മികളും അവരുടെ പഴയ പാരമ്പര്യംതന്നെ തുടർന്നുപോകുവാൻ വിചാരിക്കുന്ന ആളുകളാണെന്നു എനിക്കറിയുവാൻ സാധിച്ചിട്ടുണ്ടു്. ഈയിടെ എനിക്കു് ചിറ്റൂരിൽ പോകുവാനിടയായി. ആ അവസരത്തിൽ ഞാനതു മനസ്സിലാക്കി. അവിടത്തെ ഏറ്റവും പ്രമുഖനായ ഒരു ജന്മി പറയുകയാണു് ചിറ്റൂരിനെ സാധാരണ ഒരു പ്രദേശമായി കണക്കാക്കരുതു്; അവിടെ ജന്മികളും കുടിയാന്മാരും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല; അവിടെ എല്ലാവരും സൗഹാർദ്ദത്തോടുകൂടിയാണു് കഴിഞ്ഞുവരുന്നതു്; അവിടെ അനാവശ്യമായ നിയമങ്ങൾകൊണ്ടുവന്നു അവിടത്തെ അന്തരീക്ഷത്തെ ശല്യപ്പെടുത്തരുതു്; എല്ലാ നിയമത്തിൽനിന്നും ചിറ്റൂരിനെ ഒഴിവാക്കണമെന്നു്. അഭ്യസ്തവിദ്യനായ ഒരാൾ, വലിയ ഒരു ബിരുദധാരിയായ ഒരു മാന്യൻ ആണു് ഇങ്ങിനെ പറഞ്ഞതു്. അങ്ങിനെയുള്ള ഒരു പ്രദേശത്തു എന്റെ സുഹൃത്തുക്കളായ ചില രാഷ്ട്രീയ പ്രവർത്തകന്മാർ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞതുകൊണ്ടു് ചില ആളുകൾക്കു അവരുടെ പഴഞ്ചൻ പ്രമാണങ്ങൾക്കു് വൈകല്യം വന്നിട്ടുള്ളതായി തോന്നി എന്നു വന്നാൽ അതിൽ അത്ഭുതപ്പെടുവാനില്ല. എന്റെ ഒരു സുഹൃത്തു പ്രസംഗിക്കുവാൻ പുറപ്പെട്ടപ്പോൾ പ്രസംഗിക്കരുതു് എന്നു ചെറിയ ഒരു വിഘ്നം ശ്രോതാക്കൾ മുഴക്കി. മണ്ണോ, ചാണകമോ പ്രയോഗിച്ചു് യോഗത്തിൽ കുഴപ്പമുണ്ടാക്കുവാൻ നോക്കി.

മിസ്റ്റർ എ. ഈച്ചരമേനോൻ: പ്രയോഗിച്ചുവോ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പ്രയോഗിച്ചു എന്നാണു് ഞാനറിയുന്നതു്. എന്റെ വിപ്ലവകാരികളായ സുഹൃത്തുക്കളോടു് പ്രസംഗിക്കരുതു് എന്നു ചില ആളുകൾ പറഞ്ഞു. ആദ്യത്തെ ദിവസം കൂടിയ പൊതുയോഗത്തിൽ വളരെ നിസ്സാരമായ ഒരു നിലയാണു് ആ എതിർപ്പിന്നു് ഉണ്ടായതു് എന്നുള്ളതുകൊണ്ടും പ്രസംഗിക്കേണ്ട എന്നു പറയാൻ പ്രേരിപ്പിച്ചവരുടെ ഏജൻറന്മാരുടെ എണ്ണം വളരെ കുറവായിരുന്നതിനാലും അന്നു പ്രസംഗിക്കുവാൻ സാധിച്ചു. പിറ്റേ ദിവസവും അതുപോലെ ഒരു പൊതുയോഗം കൂടി. ആ യോഗം ആരംഭിക്കുന്നതിനു മുമ്പായി ഒരു മാന്യൻ—അദ്ദേഹത്തെ സംബന്ധിച്ചു് ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല—ആ പൊതുയോഗത്തെ തടയുവാൻവേണ്ടി അവിടത്തെ മജിസ്ട്രേട്ടിന്റെ അടുക്കൽ ഒരു അപേക്ഷ ബോധിപ്പിച്ചുവെന്നാണു് അറിയുന്നതു്. അതിൽ അദ്ദേഹം പറഞ്ഞിരുന്ന കാരണങ്ങൾ അവിടെ പൊതുയോഗം നടക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സമാധാനലംഘനമുണ്ടായേക്കും, അതു് അവിടത്തെ ആളുകൾക്കു് വളരെ വെറുപ്പുള്ള ഒരു സംഗതിയാണെന്നാണു്. അതിന്റെ ഫലമായി യാതൊരന്വേഷണവും നടത്താതെ, ശരിയായ അന്വേഷണം നടത്തി പോലീസിന്റെ റിപ്പോർട്ടുപോലും വരുത്തി ആലോചിക്കാതെയാണു് മജിസ്ട്രേട്ടു് അവിടെ യോഗംകൂടി പ്രസംഗിക്കുവാൻ പാടില്ലെന്നുള്ള നിരോധന ഉത്തരവു പാസ്സാക്കിയതു്.

പൌരാവകാശത്തിന്റെ ഏറ്റവും പ്രാഥമികമായ ഒരു അവകാശമാണു് അവനവന്റെ അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയെന്നുള്ളതു്. അങ്ങിനെയുള്ള പൌരാവകാശത്തോടുകൂടിയ അഭിപ്രായ സ്വാതന്ത്ര്യത്തെ ലംഘിക്കുവാൻ ആരു് പുറപ്പെട്ടാലും അവരുടെ പിടിയിൽനിന്നു മറവുള്ളവർക്കു് രക്ഷനൽകുകയാണു് വേണ്ടതെന്നും അതാണു് ഗവൺമെണ്ടിന്റെ കർത്തവ്യമെന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാത്ത ഒരു മജിസ്ട്രേട്ടായിരുന്ന അദ്ദേഹം എന്നാണു് ഞാൻ വിചാരിക്കുന്നതു്. നിയമവും സമാധാനവും പാലിക്കുന്നതിനുള്ള കർത്തവ്യം അദ്ദേഹത്തിന്റെ ഹസ്തങ്ങളിൽ പരിപൂർണ്ണമായി ഉണ്ടെന്നുള്ളതിനെക്കുറിച്ചു ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഈവിധം സമാധാനം ഭഞ്ജിക്കുവാൻ പുറപ്പെടുന്ന ആളുകൾ ആരാണു്, അവരുടെ എണ്ണം എത്രയാണു്, അവരുടെ വാദങ്ങൾ ശരിയാണൊ, ന്യായമാണൊ എന്നൊന്നും അന്വേഷിക്കാതെ പെട്ടെന്നു പൊതുയോഗം കൂടുവാനും പ്രസംഗിക്കുവാനും പാടില്ലെന്നുള്ള ഒരു ഉത്തരവു് പാസ്സാക്കുന്നതായാൽ അതു് അങ്ങേ അറ്റത്തെ ഒരു സ്വാതന്ത്ര്യ ലംഘനമാണെന്നുള്ളതു് ആരും സമ്മതിക്കും. ചില ആളുകൾ മറവുള്ളവരുടെ പ്രസംഗങ്ങൾ കേൾക്കുവാൻ ഇഷ്ടമില്ലാത്തതുകൊണ്ടു്, അതു നിമിത്തം അവരുടെ ശാന്തി സമാധാന സുന്ദരമായ അന്തരീക്ഷത്തിനു് ഇളക്കം തട്ടിയേക്കുമെന്നുള്ളതുകൊണ്ടു്, ജന്മിമതലാളിതത്ത്വത്തിന്റെ വാഴ്ചക്കു് എന്തൊ വലിയൊരു ഭംഗംവരുമെന്നുള്ള വിചാരംകൊണ്ടു് ഒരു മാന്യൻ അതിനെ സംബന്ധിച്ചു് കൊടുത്ത ഹർജിയിന്മേൽ പാസ്സാക്കിയ ഉത്തരവാണു് അവിടെ യോഗംകൂടുവാനും പ്രസംഗിക്കുവാനും പാടില്ലെന്നുള്ളതു്. എന്നാൽ സ്വാതന്ത്ര്യായോധനത്തിൽ മുന്നണിയിൽനിന്നു പ്രവർത്തിക്കുന്ന ഒരു യോദ്ധാവിനു് ഇങ്ങിനെയുള്ള ഒരു കല്പനയെ ആത്മാഭിമാനത്തോടുകൂടി കൈക്കൊണ്ടു് മിണ്ടാതിരിക്കുവാൻ സാദ്ധ്യമല്ല. ഒരു ഗവൺമെണ്ടിന്റെ ഭരണത്തിൻകീഴിലും അതു സാദ്ധ്യമല്ല. ഇങ്ങിനെ പൌരസ്വാതന്ത്ര്യത്തിന്റെ പേരിൽ ഉണ്ടായിട്ടുള്ള നിയമലംഘനത്തെ പ്രതിഷേധിച്ചു അവിടെ നടന്ന സംഭവങ്ങളെ തുടർന്നാണു് പിന്നീടു് വിയ്യൂരിലും തൃശ്ശിവപേരൂരും ഈ സംഭവങ്ങളുണ്ടായിട്ടുള്ളതു്. അങ്ങിനെ തടവിലാക്കപ്പെട്ട മഹായിമാഞ്ഞൂരാനോടു് വിയ്യൂർ സെൻട്രൽ ജയിലിന്നകത്തു് കടന്നതിനുശേഷം കാണിച്ച പെരുമാറ്റം തീരെ മനുഷ്യോചിതമല്ലായിരുന്നുവെന്ന കാരണത്താൽ അദ്ദേഹം നിരാഹാരവ്രതം തുടങ്ങി. അദ്ദേഹം ജയിലിൽപോയ ദിവസംതന്നെ ഭക്ഷണം കഴിക്കുകയുണ്ടായില്ല. പിറ്റെ ദിവസം അതിലേക്കു ചില തൃപ്തികരമായ ഏർപ്പാടുകൾ ചെയ്തുകൊടുക്കുകയാൽ അദ്ദേഹം നിരാഹാരവ്രതം ഉപേക്ഷിക്കുകയും ചെയ്തുവെന്നാണു് അറിയുന്നതു്. അങ്ങിനെയുള്ള ഒരു പൌരസ്വാതന്ത്ര്യത്തിന്റെ പേരിൽ തടവുകാരനാക്കപ്പെട്ട ഒരാളെ മനുഷ്യോചിതമല്ലാത്ത നിലയിൽ കഷ്ടപ്പെടുത്തുവാൻ ഉള്ള ഉദ്ദേശത്തോടുകൂടി ഗവൺമെണ്ടുദ്യോഗസ്ഥന്മാർ പെരുമാറുന്നുവെന്ന മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കു് സാധിക്കുകയും, അതിനെത്തുടർന്നു് അവർ ഒരു പ്രക്ഷോഭണം തുടങ്ങുകയും ചെയ്തുവെന്നുവന്നാൽ അതിൽ എന്താണു് അസാംഗത്യമുള്ളതെന്നു് ഗവൺമെണ്ടും നിങ്ങളിൽ ഓരോരുത്തരും ആലോചിക്കണം. അങ്ങിനെയുണ്ടായ ഒരു പ്രക്ഷോഭണത്തെ ഉടച്ചുകളയുവാനുള്ള ഒരു ഉദ്യമമായിരുന്ന തൃശ്ശിവപേരൂരിലും വിയ്യൂരിലുമുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നതു്. ഞാൻ ആ പ്രക്ഷോഭണങ്ങളെ ന്യായീകരിക്കുവാനോ ഗവൺമെണ്ടു് അതിനു വഴങ്ങികൊടുക്കണമെന്നു് പറയുവാനൊ ഉദ്ദേശിക്കുന്നില്ല. ഒരു രാഷ്ട്രീയ സംഘടനയുടെ വിഭാഗമെന്നപേരിൽ ഏതാനും ചില ദേശസേവകന്മാർ എന്തെങ്കിലും ചില പ്രവൃത്തികൾ ചെയ്തുപോകുന്നുണ്ടെങ്കിൽ അതു് നിയമത്തിനു വിധേയമാക്കേണ്ടതാണു്. അങ്ങിനെ നിയമവിധേയമായ നിലയിൽ പ്രവൃത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഇന്നു എല്ലാവർക്കുമുണ്ടു്. എന്നാൽ നിയമലംഘനപ്രവൃത്തിയുടെ പേരിൽ പെരുമാറേണ്ട കാര്യങ്ങളിൽ ചില പരിമിതികളും വ്യവസ്ഥകളും ആവശ്യമാണു്. പൊതുസമാധാനത്തിന്റെ പേരിൽ വാദത്തിനുവേണ്ടി ആ രാഷ്ട്രീയ പ്രവർത്തകൻ മിതമല്ലാത്ത ഒരു കാര്യമാണു് ചെയ്യുവാൻ ഒരുങ്ങിയതു് എന്നു ഞാൻ സമ്മതിച്ചുക്കാം. ഇങ്ങിനെ ഒരു നിരോധന കൽപന ഉണ്ടാകുകയാണെങ്കിൽതന്നെ അതു ലംഘിക്കുന്ന ആളോടു് പെരുമാറേണ്ട രീതിയിൽ ചില വ്യവസ്ഥകളുംകൂടി ഉണ്ടാകാതെ കഴിയുകയില്ല. സമാധാനപരമായും യാതൊരായുധവും കൂടാ

LIBRARY ARCHIVES Kerala Legislative Assembly

തേയും നിയമം ലംഘിക്കുന്ന ആളുകളുടെ മീതെ ലാത്തിയും ചൂരലും പ്രയോഗിക്കുകയെന്നുള്ളതു് ആവശ്യത്തിൽ കവിഞ്ഞ ഒരു അക്രമപ്രവൃത്തിയാണെന്നു പറയാതെ തരമില്ല. വിയ്യൂരിലും തൃശ്ശിവപേരൂരിലും ഉള്ള നിയന്ത്രണാധീനരായ ആളുകളെ പിരിച്ചുവിടുവാനുണ്ടായ ലാത്തി ചാർജ്ജും ചൂരൽ പ്രയോഗവും പോലീസിന്റെ അക്രമപ്രവൃത്തിയെയല്ലേ കാണിക്കുന്നതു്? നിയമലംഘനത്തിനു ഒരുങ്ങിയവർ മാത്രം ബാക്കിയായ അവസരത്തിൽ, അവർ പോലീസിനോടു യാതൊരു എതിർപ്പും കൂടാതേയും യാതൊരു ആയുധങ്ങളും ഇല്ലാതേയും അക്രമങ്ങളൊന്നും പ്രവൃത്തിക്കാതേയും നിലത്തു കമിഴ്ന്നു കിടന്ന അവസരത്തിൽ ആണു് ലാത്തികൊണ്ടും ചൂരൽകൊണ്ടും അടിച്ചതു്, അവരെ മർദ്ദിച്ചതു് എന്നാണു് ഞാൻ അറിയുന്നതു്. അതേ സംഭവം തന്നെയാണു് വിയ്യൂരിലും തൃശ്ശിവപേരൂർ മണികണ്ഠനാൽത്തറക്കലും ഉണ്ടായതു്. അഞ്ചോ ആറോ പേർമാത്രം വെറും നിലത്തു കമിഴ്ന്നുകിടന്ന അവസരത്തിൽ വടിയ്ക്കാൽ കുന്നിന്മേൽ തല്ലുന്നതുപോലെ തല്ലുകയാണു് ഉണ്ടായതു്. അതു പോലീസ് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ അവരുടെ ആജ്ഞ അനുസരിച്ചു പോലീസുകാർ ചെയ്തിട്ടുള്ളതാണെന്നാണു് ഞാൻ അറിയുന്നതു്. അങ്ങിനെയുള്ള ഒരു പ്രവൃത്തി നിയമസമാധാനപാലനത്തിന്റെ പേരിൽ നിങ്ങൾ എങ്ങിനെ ന്യായീകരിക്കും എന്നിവിടെ ആലോചിക്കേണ്ടതാണു്. ഏറ്റവും പ്രതിഷേധാർഹവും ഏറ്റവും ആക്ഷേപാർഹവുമായ ഒരു പെരുമാറ്റമാണു് ഉണ്ടായതെന്നു പോലീസിന്റെ അപ്രകൃതമായ നിലകൊണ്ടു് കാണുന്നുണ്ടു്. കൊച്ചിയിലെ ഏതൊരു പൌരനും അതിനെ ആക്ഷേപിക്കുമെന്നാണു് ഞാൻ പറയുന്നതു്. പോലീസിന്റെ അക്രമപ്രവൃത്തികൾ കണ്ടുനിന്ന ആളുകൾ യഥാർത്ഥത്തിൽ ഭയവിഹ്വലരായി എന്നതന്നെയല്ല അവർ വാവിട്ടു കരഞ്ഞുപോയിട്ടുമുണ്ടു്. മാത്രമല്ല അങ്ങിനെ നിരപരാധികളായ ആളുകളുടെമേൽ ലാത്തിച്ചാർജ്ജു് ചെയ്യുകൊണ്ടിരുന്നപ്പോൾ ചുറ്റും കൂടിയ സ്ത്രീകൾ അതുകണ്ടു വാവിട്ടു കരഞ്ഞു എന്നാണു് ഞാനറിയുന്നതു്. അതുപോലെ തൃശ്ശിവപേരൂരിലെ സംഭവം കണ്ട ആളുകളും അതിനെക്കുറിച്ചു കോപവും അവജ്ഞയും സങ്കടവും പ്രദ്യോതിപ്പിക്കുന്ന രീതിയിലാണു് പറഞ്ഞതു്. യാതൊരു തരത്തിലും ന്യായീകരിക്കുവാൻ സാധിക്കാത്തതും ഏറ്റവും മൃഗീയമായ നിലയിലും അക്രമമായും ഉണ്ടായ ഈ മർദ്ദനങ്ങൾ എന്തൊരാവശ്യത്തിനുവേണ്ടിയാണു് നടത്തിയതു് എന്നറിയുവാൻ യഥാർത്ഥത്തിൽ വളരെ വിഷമമുണ്ടു്. ഇതിനെക്കുറിച്ചു് ആലോചിച്ചതിൽ ഒരു കാരണം മാത്രമെ ഞാൻ കാണുന്നുള്ളൂ. ഞാൻ ആദ്യംപറഞ്ഞപോലെ പഴയ പാരമ്പര്യമനുസരിച്ചു് ഇന്നുള്ള പോലീസുകാർ പ്രവൃത്തിച്ചു എന്നുള്ളതാണു്. ആ പാരമ്പര്യം മാറേണ്ടിയിരിക്കുന്നു. അതു മാറുകയും ചെയ്യുമെന്നാണു് എന്റെ വിശ്വാസം. അതു വെറും ചില ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളായിരുന്നുവെന്നും ഗവർമ്മെണ്ടിന്റെ ശരിയായ നയമല്ലായിരുന്നുവെന്നുമാണു് ഞാൻ കേട്ടിട്ടുള്ളതു്. പോലീസിന്റെയും മറ്റും അദ്ധ്യക്ഷനായ ദിവാൻജി അവർകൾ നാട്ടിൽ ഇല്ലാതിരുന്നപ്പോഴാണു് ഈ സംഭവങ്ങളെല്ലാം ഉണ്ടായിട്ടുള്ളതു്. നമ്മുടെ നാട്ടിൽ ക്യാബിനറ്റ് സമ്പ്രദായം ശരിയായ നിലയിൽ നടക്കുന്നുണ്ടെങ്കിലും അതിന്റെ നിയന്ത്രണം പരിപൂർണ്ണമാക്കുവാൻ ഒരു ദിവസത്തേയോ അര ദിവസത്തേയൊ സമയം കൊണ്ടു് സാധിക്കുകയില്ല എന്നുള്ളതു് സ്വാഭാവികമാണു്.

Mr. K. Balakrishna Menon *(Cheruthuruthi)*: Do you concede that?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: I just now conceded that. ക്യാബിനറ്റ് യോഗം ഇവിടെ കൂടുവാൻ സാധിച്ചപ്പോൾതന്നെ ഇവിടത്തെ സ്ഥിതിഗതികൾക്കു് മാറ്റമുണ്ടായിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഒരുകാലത്തു് ക്യാബിനറ്റ് സമ്പ്രദായം നടപ്പാക്കുവാൻ പോകുന്നുണ്ടെന്നു പറഞ്ഞിരുന്നു. പക്ഷെ ക്യാബിനറ്റ് യോഗം കൂടിയിരുന്നില്ല. ക്യാബിനറ്റ് സമ്പ്രദായം നടപ്പാക്കുന്നതിനു താമസം നേരിട്ടതുകൊണ്ടു് അതു വേഗം നടപ്പാക്കുവാനായി ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്നവരെ ഞാൻ ആക്ഷേപിച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഇന്നു ക്യാബിനറ്റ് സമ്പ്രദായം നടപ്പിലുണ്ടു്. വളരെ അധികം ക്യാബിനറ്റ് യോഗങ്ങൾ കൂടിയതായിട്ടു് എനിക്കറിയാം. അതു എല്ലാവർക്കും അറിയാവുന്നതുമാണു്. ഇന്നു കൊച്ചി രാജ്യത്തിന്റെ ഭരണം മുഴുവൻ ക്യാബിനറ്റിന്റെ തീരുമാനമനുസരിച്ചാണു് നടക്കുന്നതു് എന്നു ബഹുമാനപ്പെട്ട ചെറുതുരുത്തി മെമ്പറോടു് പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ സംഗതിയെക്കുറിച്ചു് ക്യാബിനറ്റിൽ ഒരു തീരുമാനം ചെയ്യുവാൻ സാധിക്കുകയും, ആ തീരുമാനം നടപ്പിലാക്കുവാൻ സൌകര്യം കിട്ടുകയും ചെയ്തതൊട്ടുടനെ ഈ സ്ഥിതിഗതികളെല്ലാം മാറുവാൻ സാധിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ആദ്യത്തെ ദിവസം അടി ഉണ്ടായി. പിറ്റെ ദിവസം അതു തടയുവാൻ മന്ത്രിമാർ നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിച്ചുവെന്നാണു് ഞാനറിയുന്നതു്. അങ്ങിനെ ഉണ്ടായിട്ടുപോലും പോലീസ് അധികാരികളുടെ പെരുമാറ്റംകൊണ്ടു് ചുരുങ്ങിയ തോതിൽ ഉള്ള ഒരു ബലപ്രയോഗം നടന്നു. അക്രമരഹിതരായ ആളുകളെപ്പോലും നിയമം അനുസരിപ്പിക്കുവാനുള്ള ന്യായവും വഴികളും ഉണ്ടെന്നുള്ള തത്ത്വത്തിന്മേൽ അന്നും അടി നടന്നതായിട്ടാണു് അറിയുന്നതു്. എന്നാൽ മൂന്നാമത്തെ ദിവസം ഉണ്ടായ അനുഭവം അറസ്റ്റുചെയ്ത ആളുകളെ യാതൊരു ബലപ്രയോഗവും കൂടാതെ സർക്കാരിന്റെ Van-ൽ കയറ്റി പോലീസിൽകൊണ്ടുപോയി അവരിൽനിന്നും ലഭിക്കേണ്ട വിവരങ്ങൾമാത്രം ശേഖരിച്ചു് അവർക്കു് കാപ്പിയും കൊടുത്തു് പറഞ്ഞയച്ചുവെന്നാണു് ഞാനറിയുന്നതു്. ഈ ഒരു മാറ്റം ക്യാബിനറ്റു് സമ്പ്രദായംമൂലം ഇടയ്ക്കു് അടുത്തുണ്ടായ ഒരു മാറ്റമാണു്എന്നു ഞാൻ ചൊവ്വരുത്തി മെമ്പറെ അറിയിക്കുന്നു. നമ്മുടെ ഉദ്യോഗസ്ഥന്മാർ ഈ മാറ്റം മനസ്സിലാക്കുകയും അതനുസരിച്ചു് അവരുടെ പ്രവർത്തികളിൽ ഒരു മാറ്റം വരുത്തുകയുചെയ്യാതെ കഴിയുകയില്ല. ഈ സംഗതി അവരെ ഉൽബോധിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതനുസരിച്ചു പോലീസ്ഡിപ്പാർട്ടുമെന്റു് അവരുടെ അക്രമ വാസനയും അഴിമതിയും മാറണം. ഇന്നു സ്ഥിതിഗതികൾ മാറിയിരിക്കുന്നു. അതനുരിച്ചു അവരുടെ അക്രമപ്രവൃത്തിയും മാറാതെ തരമില്ല. അതു എല്ലാവരും മനസ്സിലാക്കണം. ഇത്രമാത്രമേ എനിക്കു് ഇതിനെക്കുറിച്ചു പറയുവാനുള്ളൂ.

Mr. Parambi Lonappen *(Irinjalakkuda)*: Mr. President, Sir, I am compelled to discharge my duty to the public to say a few words on this adjournment motion. Nobody will accuse me that I am accustomed to condemn the Government and the police for cheap popularity or applause. I know that the work, duties and responsibilities of the Police to maintain law and order are hard and arduous. The Police will be confronted with trying situations in these difficult times of unrest, and earnestness on the part of the people of this State to establish their rights, privileges and fight against the encroachment of their civil liberties. I concede that a strong, well-behaved police force is an asset to and the backbone of any civilised country. They are the custodians to maintain order in the country and protect the person and property of the citizens of the State. Yet when I find from the report in the papers that these custodians of peace and order behave in a disorderly manner beating public workers with lathies, dragging them along the streets and that also even after they were arrested, I am constrained to condemn their excesses in emphatic terms and protest against this inhuman, cowardly, and mad behaviour. The incidents that took place at Trichur and Viyyur recently are a disgrace to the Government of the State. Sir, I am not exaggerating them at all. They are reported in papers. It is necessary for me to read them. I refer you to the report in the Malabar Mail, dated 22nd Makaram 1122. If these reports are false and in correct, Government ought to have contradicted them. So far, I was not able to see any contradiction, Sir. I throw the blame for these police excesses on the shoulders of Government. Some time ago there existed a ban on processions in the town of Ernakulam. I know that a prominent member of the Prajamandal Party and a few others broke the ban defying the Government and Government orders. No legal action was taken against them. The example set by them and the cowardice and weakness exhibited by Government gave a belief in the minds of poorer and uneducated political and social workers that breaking Government orders and bans imposed by the Magistrates are the stepping stones to get power and applause from both Government and the people. Whether the belief is erroneous or not I am not concerned. Sir, it is the right of every citizen, big or small, to safeguard his civil liberties and to reasonably and properly criticize the actions of Government and Government servants and also to protect against their high-handed actions by giving expression demand in public meetings and that responsibility of administration should be given in the hands of the representatives of the people and that equality of rights be granted to them by Government. Such aspirations of the people cannot be suppressed by lathies or imprisonment. It was also foolish to think that it can be so suppressed. Government have withdrawn all the bans imposed by them prohibiting procession and holding public meetings. I do not wish to discuss the merits of the order of the Magistrate at Chittur prohibiting speeches in public meetings by Mr. Mathai Manjuran and Mr. Manakalath. The fact remains that Mr. Mathai Madjuran, a political and social worker broke the ban, he was arrested, tried and imprisoned for it.

Mr. P. K. Dewer *(Nomiated)*: Was he a less-educated man ?

Mr. Parambi Lonappen *(Irinjalakkuda)*: Less educated than some of the present Ministers at least. Soon after the arrest, came the Government order releasing him and all those who broke the ban imposed by the Sub-Magistrate of Chittur and the District Magistrate of Cochin State. The Magistracy and the Police on the one hand and Government on the other

LIBRARY ARCHIVES Kerala Legislative Assembly

